# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 938

20/03/2012 ൽ
മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അടുത്ത അദ്ധ്യായന വർഷം എന്തെല്ലാം പരിഷ്കാരങ്ങളാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്നതെന്ന് വിശദീകരിക്കാമോ;

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) അടുത്ത അദ്ധ്യായന വർഷം മുതൽ വിദ്യാഭ്യാസ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ്സ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട് കൂടാതെ NCTE യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഇനിമുതൽ അദ്ധ്യാപക നിയമനങ്ങൾക്ക് TET നിർബന്ധിത യോഗ്യതയായി കണക്കാക്കാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട് TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. 5-ാം ക്ലാസ് എൽ.പിയുടെയും 8-ാം ക്ലാസ് യു.പിയുടെയും ഭാഗമാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ അടുത്ത അദ്ധ്യായന വർഷം തുടങ്ങാൻ കഴിയുന്നതാണ് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ വരുമാന പരിധിനിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ അധസ്ഥിത വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group)

| | | | |
|---|---|---|---|
| | | | സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ എന്നിവ ഏതൊക്കെയാണെന്ന് നിർവചിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ഇത് സംബന്ധിച്ച ഉത്തരവ് അടുത്ത അധ്യായന വർഷം പുറപ്പെടുവിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിനായി കുട്ടികളുടെ പ്രായപരിധി എത്രയെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | 5-ാം തരം എൽ.പി.യിലേക്കും, 8-ാം തരം യു.പി.യിലേക്കും ഈ വർഷം തന്നെ മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഈ അധ്യായനവർഷം മാറ്റുവാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) | 150 കുട്ടികളിൽ കൂടുതലുള്ള വിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്ററെ ക്ലാസ്സ് ചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനും പകരം നിയമനം നടത്തുന്നതിനും ഉത്തരവായിട്ടുണ്ടോ; | (ഡി) | ഉണ്ട്; |
| (ഇ) | ഇതുമൂലം എത്ര അധിക പോസ്റ്റുകൾ സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ? | (ഇ) | കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ